LIBRARY ARCHIVES Kerala Legislative Assembly

പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തനരീതിയെപ്പറ്റിയുള്ള പഠനം

18 (* 725) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട് ;

(ബി) പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തന രീതിയെപ്പറ്റി ഗവൺമെന്റ് പഠിച്ചിട്ടുണ്ടോ ;

(സി) അവ ലാഭത്തിലാണോ നഷ്ടത്തിലാണോ സർവ്വീസ് നടത്തുന്നത് ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ ബാലകൃഷ്ണപിള്ള) :

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പ്രൈവറ്റ് ബസ്സുകളുടെ പ്രവർത്തന രീതിയെപ്പറ്റി പ്രത്യേകിച്ച് പഠനം ഒന്നും നടത്തിയിട്ടില്ല.

(സി) ഇത് സംബന്ധിച്ചുള്ള സ്ഥിതി വിവര കണക്കുകൾ ലഭ്യമല്ല. അതുകൊണ്ട് അവ ലാഭത്തിലാണോ നഷ്ടത്തിലാണോ സർവ്വീസ് നടത്തുന്നത് എന്ന് വിലയിരുത്താൻ നിർവ്വാഹമില്ല.

കൈത്തറി ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് നടപടി

19 (* 726) ശ്രീ. എം. പി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിപണിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തും വിധം കേരളത്തിൽ നിന്നും കൈത്തറി ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ, വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ഉൽപ്പന്നങ്ങളെ ക്രമവൽക്കരിക്കാൻ സാധിച്ചിട്ടുണ്ടോ ;

(ബി) മറ്റു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കേരളത്തിൽ നിന്നുള്ളവ എന്ന നിലയിൽ വിദേശത്തേക്ക് കയറ്റുമതി ചെയ്തു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിൽ നിന്നുള്ള കൈത്തറി ഉല്പാദനവും കയറ്റുമതിയും തമ്മിലുള്ള കണക്കിലെ പൊരുത്തക്കേടുകൾ സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) കേരളത്തിലെ കൈത്തറി എന്ന വ്യാജേന മറ്റ് സംസ്ഥാനങ്ങളിൽ നന്നും കയറ്റുമതി നടത്തുന്നത് അവസാനിപ്പിക്കാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) വിപണിയുടെ സാധ്യതകൾ വിലയിരുത്തി ഉല്പാദന രംഗത്ത് മാറ്റങ്ങൾ വരുത്തുന്നതിനും അതിനു സഹായകരമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയ തലത്തിൽ അറിയപ്പെടുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ തുടങ്ങിയ ഏജൻസികളുടെ സഹകരണത്തോടെ വിപണിയുടെ ആവശ്യങ്ങൾക്കനുസൃതമായി ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അവ അന്തർദേശീയ വസ്ത്ര മേളകളിൽ പ്രദർശിപ്പിച്ച് വിപണി കണ്ടെത്തുന്നതിനും സഹായകരമായ ഹാന്റ്ലൂം എക്സ്പോർട്ട് സ്കീം കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്നു. മാറുന്ന അഭിരുചിക്ക് അനുസൃതമായി ആകർഷണീയമായ വസ്ത്രങ്ങൾ ഉല്പാദിപ്പിച്ചെടുക്കുന്നതിന് ഡിസൈൻ, ഡൈയിംഗ്, പ്രിന്റിംഗ് തുടങ്ങിയ രംഗങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഒരു പദ്ധതി കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്നതിനുള്ള പ്രോജക്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ദീൻ ദയാർ കൈത്തറി വികസന പദ്ധതിയുടെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ വിദേശ ആഭ്യന്തര വിപണിക്ക് ആവശ്യമായ കൈത്തറി തുണി വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

(സി) കൈത്തറി വസ്ത്രങ്ങളുടെ കണക്കിൽ യന്ത്രത്തറി വസ്ത്രങ്ങൾ കൂടി ഉൾപ്പെടുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ബി, പിരിവിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കപ്പലുകൾ വാർഫിനോട് ചേർത്ത് നങ്കൂരമിടുന്നതിനുള്ള സൗകര്യം

20 (* 727) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം ചെറുകിട തുറമുഖങ്ങളിൽ കപ്പലുകൾ വാർഫിനോട് ചേർത്ത് നങ്കൂരമിടുന്നതിനുള്ള സൗകര്യമുണ്ട് ;

(ബി) ഇത്തരം സൗകര്യമില്ലാത്ത തുറമുഖങ്ങളിൽ ഇതിനുള്ള സൗകര്യം ഉണ്ടാക്കുവാനുദ്ദേശ്യമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly